**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ വടകര-വില്ല്യാപ്പിള്ളി-ചേലക്കാട് റോഡ് പ്രവർത്തിക്ക് **31** കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും **58.299** കോടി രൂപയുടെ സാമ്പത്തികാനുമതിയും 77.21 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ വീതി കൂട്ടി വികസിപ്പിക്കുന്ന പ്രസ്തുത പ്രവൃത്തിക്കായി നിലവിലുള്ള റോഡിൽ **12** മീറ്റർ വീതി അളന്ന് പെഗ് മാർക്ക് ചെയ്തിട്ടുണ്ട്. വടകര-വില്ല്യാപ്പിള്ളി-ചേലക്കാട് റോഡിന്റെ ദൈർഘ്യം **15.500** കി. മീ ആണ്.<br><br>പ്രസ്തുത പ്രവൃത്തിയുടെ Ch. 0/000 to 5/700 & Ch. 14/154 to Ch. 15.984 2, (7.53 കി.മീ.) Conventional രീതിയിലും Ch. 5/700 മുതൽ Ch. 14/154 വരെ, (8.454 കി. മീ.) FDR സാങ്കേതിക വിദ്യ ഉപയോഗിച്ചും നടപ്പിലാക്കുന്നതിനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ **0/000** മുതൽ **2/700** വരെയുള്ള ഭാഗം ഭൂമി സൗജന്യമായി ലഭ്യമാകാത്തതിനാൽ ആ ഭാഗം ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ULCCS Ltd എന്ന കരാറുകാരന് 09.09.2025 തീയതിയിൽ കൈമാറി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. റോഡ് വീതികൂട്ടുന്നതിനായി ഇരുവശത്തുമുള്ള സ്വകാര്യ വ്യക്തികൾ ഭൂമി സൗജന്യമായി വിട്ടു നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഭൂമി വിട്ടുകിട്ടിയ ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുകയും നിലവിൽ സംരക്ഷണ ഭിത്തി ഉണ്ടായിരുന്നവ പൊളിച്ചുമാറ്റി പുനർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കലുങ്കുകളുടെയും ഡ്രെയിനുകളുടെയും നിർമ്മാണ പ്രവൃത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 08.03.2027 വരെയാണ് പൂർത്തീകരണ കാലാവധി. |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി സൗജന്യമായി വിട്ടുനല്കുന്നവർക്ക് മതിലുകൾ പുനർനിർമ്മിക്കുന്നതിനും മറ്റ് ജീവനോപാധികൾ നിലനിർത്തുന്നതിനും എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ? | (സി) | ഭൂമി സൗജന്യമായി വിട്ടു നൽകുന്നവർക്ക് മതിലുകൾ പൊളിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും മറ്റ് ജീവനോപാധികൾ നിലനിർത്തുന്നതിനുമായി 4,58,68,411.72 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ